ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 17.08.2024

പ്രധാന വാർത്തകൾ

TIME : 07.25 AM

1) രാജ്യത്തെ മൂന്ന് പുതിയ മെട്രോ റെയിൽ പദ്ധതികൾക്ക് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം.

**The Union Cabinet approves three new metro rail projects in the country.**

2) മൂന്നാമത് വോയ്സ് ഓഫ് ഗ്ലോബൽ സൗത്ത് ഉച്ചകോടിക്ക് ഇന്ത്യ ഇന്ന് ആതിഥേയത്വം വഹിക്കും.

**India will host the 3rd Voice of Global South Summit today.**

3) കേരള ഹൈക്കോടതിയിലെ പുതിയ ആർബിട്രേഷൻ സെൻറർ കേന്ദ്ര സഹമന്ത്രി അർജുൻ റാം മേഘ് വാൾ ഇന്ന് ഉദ്ഘാടനം ചെയ്യും.

**Union Minister of State Arjun Ram Meghwal will inaugurate the new Arbitration Center at the Kerala High Court today.**

4) കൊൽക്കത്തയിൽ വനിതാ ഡോക്ടർ കൊല്ലപ്പെട്ട സംഭവത്തിൽ പ്രതിഷേധിച്ച് IMA യുടെ നേതൃത്വത്തിൽ രാജ്യവ്യാപക പ്രതിഷേധ സമരം.

**IMA calls for a 24-hour nationwide strike today to protest against the rape and murder of a woman resident doctor at Kolkata.**

5) പൊന്നിൻ ചിങ്ങത്തെ വരവേറ്റ് മലയാളികൾ; കർഷകദിന സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും.

**Keralites welcome the Chingam, the New year in the state; CM Pinarayi Vijayan will inaugurate the state level Farmers Day celebration today.**

6) പാരീസ് പാരാലിമ്പിക്സിൽ പങ്കെടുക്കാൻ ഇന്ത്യയിൽ നിന്നും 84 അംഗ കായിക സംഘം.

**The contingent of 84 players will take part in the upcoming Paris Paralympic Games.**

**************************************************

## CABINET - CIVIL ENCLAVE

ബിഹാറിലെ ബിഹ്തയിലും പശ്ചിമ ബംഗാളിലെ ബാഗ്ഡോഗ്രയിലും പുതിയ സിവിൽ എൻക്ലേവുകൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന സാമ്പത്തിക കാര്യ മന്ത്രിസഭാ സമിതി അംഗീകാരം നൽകി. അനുമതി പ്രകാരം ബാഗ്ഡോഗ്ര വിമാനത്താവളത്തിലെ പുതിയ സിവിൽ എൻക്ലേവ് 1,549 കോടി രൂപ ചെലവിൽ വികസിപ്പിക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ബിഹ്തയിലെ പുതിയ സിവിൽ എൻക്ലേവ് 1,413 കോടി രൂപ ചെലവിൽ വികസിപ്പിക്കുമെന്നും മന്ത്രി അറിയിച്ചു. മൂന്നാം നരേന്ദ്ര മോദി സർക്കാർ ഇതുവരെ ഒരു ലക്ഷത്തി 54,000 കോടി രൂപയുടെ അടിസ്ഥാന പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും ഈ പദ്ധതികളോടെ സർക്കാർ അനുവദിച്ച മൊത്തം അടിസ്ഥാന പദ്ധതികൾ ഏകദേശം രണ്ട് ലക്ഷം കോടി രൂപയായി ഉയർന്നതായും ശ്രീ അശ്വിനി വൈഷ്ണവ് പറഞ്ഞു.

*************************************

## HEADLINE-1
## CABINET RAIL (..INTRO..)

രാജ്യത്ത് മൂന്ന് പുതിയ മെട്രോ റെയിൽ പദ്ധതികൾക്ക് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. 15,611 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ബാംഗ്ലൂർ മെട്രോയുടെ മൂന്നാം ഘട്ടം, 12,200 കോടി രൂപ ചെലവിൽ താനെ ഇന്റഗ്രൽ റിംഗ് മെട്രോ റെയിൽ

പദ്ധതി, പൂനെ മെട്രോ ഫേസ്-1 പദ്ധതി എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഏകദേശം മൂവായിരം കോടി രൂപയാണ് ചെലവ്.

**വിശദാംശങ്ങളിലേക്ക്....**

## (വോയിസ്)

*10 വർഷം മുമ്പ് അഞ്ച് നഗരങ്ങളിൽ മാത്രമായിരുന്ന മെട്രോ റെയിൽ സർവീസ് നിലവിൽ 21 നഗരങ്ങളിൽ പ്രവർത്തനക്ഷമമാണെന്ന് ന്യൂഡൽഹിയിൽ മന്ത്രിസഭാ യോഗത്തിന് ശേഷം വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ആഗോള തലത്തിൽ, നെറ്റ്‌വർക്ക് ദൈർഘ്യത്തിൻ്റെ കാര്യത്തിൽ ഇന്ത്യ മൂന്നാം സ്ഥാനത്താണ്. ബാംഗ്ലൂർ മെട്രോ റെയിൽ പദ്ധതിയുടെ മൂന്നാം ഘട്ടം 2029-ഓടെ പ്രവർത്തനക്ഷമമാക്കുമെന്ന് അദ്ദേഹം പറഞ്ഞു. മൂന്നാം ഘട്ടം പ്രവർത്തനക്ഷമമാകുന്നതോടെ ബെംഗളൂരു നഗരത്തിന് 220 കിലോമീറ്ററിലധികം മെട്രോ റെയിൽ ശൃംഖല സജീവമാകും. കാര്യക്ഷമമായ ബദൽ റോഡ് ഗതാഗതമെന്ന നിലയിൽ മെട്രോ റെയിലും മെട്രോ റെയിൽ ശൃംഖലയുടെ വിപുലീകരണമായി മൂന്നാം ഘട്ടവും നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നതായി മന്ത്രി കൂട്ടിച്ചേർത്തു. മഹാരാഷ്ട്രയിലെ താനെ ഇൻ്റഗ്രൽ റിംഗ് മെട്രോ പ്രോജക്റ്റ് 2029-ഓടെ പ്രവർത്തനക്ഷമമാകും, 29 കിലോമീറ്റർ ഇടനാഴി താനെ നഗരത്തിന്റെ പടിഞ്ഞാറ് ഭാഗത്തിന്റെ ചുറ്റളവിൽ 22 സ്റ്റേഷനുകളോടെ പ്രവർത്തിക്കുമെന്ന് ശ്രീ വൈഷ്ണവ് പറഞ്ഞു. സിവിൽ, ഇലക്ട്രോ മെക്കാനിക്കൽ, മറ്റ് അനുബന്ധ സൗകര്യങ്ങൾ, എന്നിവയ്ക്കൊപ്പം മഹാ മെട്രോ പദ്ധതി നടപ്പാക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. പൂനെ മെട്രോ ഫേസ്-1 പദ്ധതി സ്വർഗേറ്റ് മുതൽ കത്‌രാജ് വരെ നീട്ടുന്നതാണ്, സ്വാർഗേറ്റ് മുതൽ കത്‌രാജ് വരെയുള്ള ഭൂഗർഭ പാത റോഡ് ഗതാഗതക്കുരുക്ക് ഗണ്യമായി ലഘൂകരിച്ച് സുരക്ഷിതമായ യാത്ര പ്രദാനം ചെയ്യുന്നു.*

****************************

## VP AP VISIT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് ആന്ധ്രാപ്രദേശിലെ നെല്ലൂരിൽ സന്ദർശനം നടത്തും. അക്ഷര വിദ്യാലയ ക്യാമ്പസും നൈപുണ്യ വികസന കേന്ദ്രവും അദ്ദേഹം സന്ദർശിക്കും. നെല്ലൂർ വെങ്കിടാചലത്തിൽ നടക്കുന്ന സ്വർണ ഭാരത് ട്രസ്റ്റിന്റെ 23-ാാം വാർഷികാഘോഷത്തിൽ അദ്ദേഹം മുഖ്യാതിഥിയായി പങ്കെടുക്കും. ചടങ്ങിൽ മുൻ ഉപരാഷ്ട്രപതി എം. വെങ്കയ്യ നായിഡുവും പങ്കെടുക്കും.

****************************

## HEADLINE-2
## INDIA - GLOBAL SOUTH

മൂന്നാമത് വോയ്സ് ഓഫ് ഗ്ലോബൽ സൗത്ത് ഉച്ചകോടിക്ക് ഇന്ത്യ ഇന്ന് ആതിഥേയത്വം വഹിക്കും. വെർച്വലായി സംഘടിപ്പിക്കുന്ന ഉച്ചകോടിയുടെ പ്രമേയം - സുസ്ഥിരമായ ഭാവിക്കായി ഒരു ശാക്തീകരിക്കപ്പെട്ട ആഗോള സൗത്ത് എന്നതാണ്. സംഘർഷങ്ങൾ, ഭക്ഷ്യ-ഊർജ്ജ സുരക്ഷാ പ്രതിസന്ധികൾ, കാലാവസ്ഥാ വ്യതിയാനം എന്നിങ്ങനെ ലോകത്തെ ബാധിക്കുന്ന സങ്കീർണ്ണമായ വെല്ലുവിളികളെ ക്കുറിച്ചുള്ള ചർച്ചകൾ വിപുലീകരിക്കുന്നതിനുള്ള ഒരു വേദിയായി ഗ്ലോബൽ സൗത്ത് ഉച്ചകോടി പ്രവർത്തിക്കും. ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുക്കുന്ന രാഷ്ട്രത്തലവൻമാരുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംവദിക്കും. അതേസമയം ഇന്ത്യ-ജപ്പാൻ 2+2 വിദേശ-പ്രതിരോധ മന്ത്രിമാരുടെ യോഗത്തിന്റെ മൂന്നാം ഘട്ട കൂടിക്കാഴ്ച, ചൊവ്വാഴ്ച ഡൽഹിയിൽ നടക്കുമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ

അറിയിച്ചു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗും വിദേശകാര്യ മന്ത്രി എസ് ജയശങ്കറും ഇന്ത്യയെ പ്രതിനിധീകരിക്കും.

****************************

## CEC- ASSEMBLY POLL EARLY

ജമ്മു കാശ്മീരിലെയും ഹരിയാനയിലെയും നിയമസഭാ തിരഞ്ഞെടുപ്പ് തീയതികൾ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ചു. ജമ്മുകശ്മീരിൽ സെപ്റ്റംബർ 18, 25 ഒക്ടോബർ ഒന്ന് എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളായും ഹരിയാനയിൽ ഒക്ടോബർ ഒന്നിന് ഒറ്റ ഘട്ടവുമായാണ് തിരഞ്ഞെടുപ്പ്. 90 നിയോജക മണ്ഡലങ്ങൾ വീതമുള്ള രണ്ടിടത്തും ഒക്ടോബർ നാലിനാണ് വോട്ടെണ്ണൽ.

****************************

## AMIT SHAH - JK POLL

ജമ്മു കശ്മീരിലെ നിയമസഭ തിരഞ്ഞെടുപ്പ് തീയതി പ്രഖ്യാപനത്തെ സ്വാഗതം ചെയ്ത് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. കേന്ദ്ര സർക്കാർ കഴിഞ്ഞ 10 വർഷങ്ങളിൽ നടപ്പാക്കിയ വിവിധ പരിഷ്കരണ നടപടികളിലൂടെ ജമ്മു കശ്മീരിൽ സമാധാനം, വികസനം, ജനാധിപത്യത്തിന്റെ ശാക്തീകരണം തുടങ്ങിയവയുടെ പുതിയ യുഗം സൃഷ്ടിച്ചിരിക്കുകയാണെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

****************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി **മൻ കി ബാത്** ഈ മാസം 25 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിന്റെ 113 ആം പതിപ്പാണിത്.

പരിപാടിയിലേക്കുള്ള പൊതുജനങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ നമോ ആപ്പിലൂടെയോ MyGov ഓപ്പൺ ഫോറം വഴിയോ ഈ മാസം 23 വരെ അറിയിക്കാവുന്നതാണ്.

***************************

## HEADLINE-4
## IMA STRIKE

പശ്ചിമ ബംഗാൾ സർക്കാർ നിയന്ത്രണത്തിലുള്ള കൊൽക്കത്തയിലെ ആർ ജി കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ വനിതാ റസിഡന്റ് ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതിഷേധിച്ച് ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ നേതൃത്വത്തിൽ 24 മണിക്കൂർ രാജ്യവ്യാപക പണിമുടക്ക് ആരംഭിച്ചു. രാവിലെ 6 മണി മുതൽ അടിയന്തര സേവനം ഒഴികെയുള്ളവ പിൻവലിക്കണമെന്ന് ഐഎംഎ ആവശ്യപ്പെട്ടിട്ടുണ്ട്. കൊല്ലപ്പെട്ട ഡോക്ടർക്ക് നീതി ലഭിക്കണമെന്നും ആരോഗ്യ പ്രവർത്തകരെ സംരക്ഷിക്കാൻ കേന്ദ്ര നിയമം കൊണ്ടുവരണമെന്നും സംഘടന ആവശ്യപ്പെടുന്നു. സമര ആഹ്വാനത്തെത്തുടർന്ന്, പൊതു, സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നുള്ള കൂടുതൽ ഡോക്ടർമാർ പ്രതിഷേധത്തിൽ ചേർന്നു. അതേസമയം, ഡോക്ടർമാർക്കെതിരായ അതിക്രമങ്ങളിൽ പരമാവധി ആറ് മണിക്കൂറിനുള്ളിൽ പ്രാഥമിക അന്വേഷണം ഫയൽ ചെയ്യുന്നതിന് സ്ഥാപന മേധാവി ഉത്തരവാദിയായിരിക്കുമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം അറിയിച്ചു. ഡയറക്ടർ ജനറൽ ഓഫ് ഹെൽത്ത് സർവീസസ് അതുൽ ഗോയൽ ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ ആശുപത്രികളുടെയും മെഡിക്കൽ കോളജുകളുടെയും മേധാവികൾക്ക് കത്തയച്ചു.

***************************

## HEADLINE-3
## ARJUN RAM MEGHWAL

കേരള ഹൈക്കോടതിയിലെ പുതിയ ആർബിട്രേഷൻ സെന്റർ കേന്ദ്ര സഹമന്ത്രി അർജുൻ റാം മേഘ് വാൾ ഇന്ന് ഉദ്ഘാടനം ചെയ്യും. ഫലപ്രദമായ സേവനങ്ങൾ ലക്ഷ്യമിട്ടുള്ള ആർബിട്രേഷൻ സെന്ററിന്റെ വെബ്സൈറ്റ് മന്ത്രി മുഹമ്മദ് റിയാസ് പ്രകാശനം ചെയ്യും.

***************************

## HEADLINE-5
## CHINGAM

ഇന്ന് ചിങ്ങം ഒന്ന്. കൊല്ലവർഷം 1,200 ന് കൂടിയാണ് ഇന്ന് തുടക്കമാകുന്നത്. മലയാളികൾക്ക് ഈ ദിവസം പുതുവർഷാരംഭം കൂടിയാണ്. അതോടൊപ്പം കർഷക ദിനമായും ചിങ്ങം ഒന്ന് ആഘോഷിക്കുന്നു. കർക്കടകത്തിന്റെ വറുതിയിൽ നിന്ന് പ്രതീക്ഷകളോടെയാണ് ഓരോ മലയാളികളും പൊന്നിൻ ചിങ്ങത്തെ വരവേൽക്കുന്നത്. ഓണനാളിനായുള്ള കാത്തിരിപ്പിനും തുടക്കമാകുകയാണ്.

***************************

## FARMERS DAY - KERALA

കേരളത്തിൽ, കർഷകദിനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും 2023 ലെ കർഷക അവാർഡ് വിതരണവും ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. കൃഷിവകുപ്പിന്റെ കാർഷിക സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ കതിർ ആപ്പിന്റെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിക്കും. നിയമസഭ കോംപ്ലക്സിലെ ആർ ശങ്കരനാരായണൻ തമ്പി ഹാളിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി പി. പ്രസാദ് അധ്യക്ഷത വഹിക്കും. കർഷകർക്ക് എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുക

എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കുന്ന സംയോജിത സംവിധാനമണ് കതിർ വെബ് പോർട്ടലും മൊബൈൽ ആപ്പും.

***************************

## HEADLINE-6

## MANDAVIYA - PARALYMPIC

പാരീസ് പാരാലിമ്പിക്സിൽ ഇന്ത്യയിൽ നിന്നുള്ള 84 കായിക താരങ്ങൾ പങ്കെടുക്കും. ഈ മാസം 28 മുതൽ സെപ്റ്റംബർ 8 വരെയാണ് പാരാലിമ്പിക്സ് നടക്കുന്നത്. 47 കായിക താരങ്ങളാണ് ആദ്യമായി ഗെയിംസിൽ പങ്കെടുക്കുന്നത്. ഇന്ത്യൻ സംഘത്തിന്റെ യാത്രയയപ്പ് ചടങ്ങിനെ കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ അഭിസംബോധന ചെയ്തു. ടാർഗെറ്റ് ഒളിമ്പിക് പോഡിയം പദ്ധതിയുടെ പ്രയോജനം നേടിയ 50 പേർ ടീമിലുണ്ടെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

***************************

## RAIN KERALA

കേരളത്തിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് പത്തനംതിട്ട ജില്ലയിൽ ഓറഞ്ച് ജാഗ്രതയാണ്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കേരള-ലക്ഷദ്വീപ്-കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

***************************

## BJP OFFICE-BEARERS MEET

ബി ജെ പി ദേശീയ നേതാക്കളുടെ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും. പാർട്ടി ദേശീയ അധ്യക്ഷൻ ജെ പി നഡ്ഡയുടെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ

വരാനിരിക്കുന്ന നിയമസഭ തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ, സംഘടനാ തിരഞ്ഞെടുപ്പ് തുടങ്ങിയവ ചർച്ചാ വിഷയമാകും. പാർട്ടി സംസ്ഥാന അധ്യക്ഷൻമാരും ജനറൽ സെക്രട്ടറിയുടെ ചുമതലയുള്ളവരും യോഗത്തിൽ പങ്കെടുക്കും.

***************************

## SRILANKA-FERRY SERVICE

ഇന്ത്യയ്ക്കും ശ്രീലങ്കയ്ക്കും ഇടയിലുള്ള പാസഞ്ചർ ഫെറി സർവീസ് പുനരാരംഭിച്ചു. 2023 ഒക്ടോബറിൽ ഇന്ത്യയിലെ നാഗപട്ടണത്തിനും ശ്രീലങ്കയുടെ വടക്കൻ പ്രവിശ്യയിലെ ജാഫ്നയ്ക്കടുത്തുള്ള കാങ്ക സന്തുറൈയ്ക്കും ഇടയിലാണ് സർവീസുകൾ ആരംഭിച്ചത്.

*

*********************

************************************************